I ഇ.ബി. XV - കേരള നിയമസഭ/XI-18

# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 10, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

### I മന്ത്രിയുടെ പ്രസ്താവന

നക്ഷത്രചിഹ്നമിട്ട 216-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2024 ജൂൺ 25-ാം തീയതിയിലെ 216-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### അത്തൂരിൽ പെൺകുട്ടിക്ക് മർദ്ദനമേറ്റ സംഭവം

മി. സ്പീക്കർ: അത്തൂരിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ മർദ്ദിച്ചതടക്കം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ നടക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ.കെ. രമ, ശ്രീമതി ഉമ തോമസ്, സർവ്വശ്രീ. കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ റിപ്പോർട്ട് ചെയ്യപ്പെടുന്നതും പോലീസിന്റെ അറിവിൽപ്പെടുന്നതുമായ എല്ലാ അതിക്രമസംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യുന്നതിന് ശാസ്ത്രീയവും പഴുതടച്ചതുമായ അന്വേഷണമാണ് പോലീസ് നടത്തുന്നത്. കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറല്ല. പോക്സോ

കേസുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമ കേസ്സുകളും കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് 56 പ്രത്യേക കോടതികൾ നിലവിലുള്ളതിനുപുറമെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ തൈക്കാട്ടുശ്ശേരി സ്വദേശിനിയായ പെൺകുട്ടിയെയും സഹോദരനെയും ദേഹോപദ്രവം ചെയ്ത കേസിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽ ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരവും പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല കലോത്സവത്തിനിടെ പെൺകുട്ടിയെ ദോഹോപദ്രവം ചെയ്ത സംഭവത്തിലും കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. സർവ്വകലാശാലയുടെ ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റിയും അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേരള ക്രിക്കറ്റ് അസോസിയേഷന്റെ തിരുവനന്തപുരത്തെ കോച്ചിംഗ് സെന്ററിലെ പരിശീലകൻ പരിശീലനത്തിനെത്തിയ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ ലൈംഗികാതിക്രമം നടത്തിയ സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാലടി ശ്രീശങ്കര കോളേജിലെ ബിരുദ വിദ്യാർത്ഥിനിയുടെ ഇൻസ്റ്റഗ്രാം അക്കൗണ്ടിൽനിന്നും

ഫോട്ടോകൾ ഡൗൺലോഡ് ചെയ്ത് ഷെയർ ചെയ്ത സംഭവത്തിലും കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മറ്റ് പെൺകുട്ടികളുടെയും ഫോട്ടോകൾ ഇത്തരത്തിൽ ഷെയർ ചെയ്തിട്ടുള്ളതായി വിവരം ലഭിച്ച സാഹചര്യത്തിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. അട്ടൂരിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ നടുറോഡിൽവച്ച് പട്ടാപകൽ ക്രൂരമായി മർദ്ദിച്ച സംഭവം ലാഘവത്തോടെയാണ് സർക്കാർ കാണുന്നത്. ദളിത് പെൺകുട്ടിയെ അതിക്രമിക്കുന്ന വീഡിയോ പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയെങ്കിലും പ്രതികൾ സി.പി.ഐ.എം. പ്രവർത്തകരായതിനാൽ ഇവർക്കെതിരെ പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകാലശാലയിലെ സിൻഡിക്കേറ്റ് അംഗം വിദ്യാർത്ഥിനിയെ അപമാനിച്ച സംഭവത്തിലും പോലീസ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരം വിഷയങ്ങൾ കേരള സമൂഹത്തെ ലജ്ജിപ്പിക്കുന്നതാണ്. പെൺകുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച

കേസിൽ പ്രതിയായ കാലടി ശ്രീശങ്കര കോളേജിലെ മുൻ എസ്.എഫ്.ഐ. നേതാവിനെ ജാമ്യത്തിൽ വിടുകയാണ് ചെയ്തത്. കേരള ക്രിക്കറ്റ് അസോസിയേഷൻ പരിശീലകൻ കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുകയും അശ്ലീല വീഡിയോ പുറത്തുവിടുകയും ചെയ്ത സംഭവവും കേരള മന:സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകാൻ സാധിക്കാതെ ഈ സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. പോക്സോ കോടതിയിലുള്ള കേസുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും അതിക്രമത്തിനിരയായ പെൺകുട്ടികൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാൻ അതിവേഗ സ്പെഷ്യൽ കോടതി സ്ഥാപിക്കാനും നടപടിയുണ്ടാകണം. കുറ്റവാളികൾക്ക് കഠിനമായ ശിക്ഷ ഉറപ്പാക്കാത്തതും പ്രതികൾക്ക് സംരക്ഷണം നൽകുന്നതുമാണ് ഇത്തരത്തിലുള്ള കേസുകൾ വർദ്ധിക്കുന്നതിന് കാരണം. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തി വയ്ക്കണം.

ശ്രീമതി ദെലീമ: അരൂരിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ റോഡിൽവച്ച് മർദ്ദിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. ഈ വിഷയം രാഷ്ട്രീയവൽക്കരിച്ച് സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമം നടത്തുന്നവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അത്രൂരിൽ പെൺകുട്ടിയെ റോഡിൽവച്ച് മർദ്ദിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വിദ്യാർത്ഥിനിയെ അപമാനിച്ച സംഭവത്തിൽ യൂണിവേഴ്സിറ്റി ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ അന്വേഷണം അവസാന ഘട്ടത്തിലാണ്. പ്രസ്തുത വിഷയത്തിൽ പോലീസിന് ലഭിച്ച പരാതിയിൽ അന്വേഷണം നടന്നുവരികയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ പരിശീലകൻ കുട്ടികളെ പീഡിപ്പിച്ച സംഭവത്തിൽ പ്രതിയെ അറസ്റ്റ് ചെയ്യുകയും ആറ് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാലടി സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയത്തിലുൾപ്പെട്ട പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ച ക്രമസമാധാന പാലനമുള്ള സംസ്ഥാനമാണ് കേരളം. പ്രശ്നപരിഹാരത്തിന് നിർഭയം കടന്നുചെല്ലാവുന്ന ഇടങ്ങളായി

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ മാറിയിട്ടുണ്ട്. 14 ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകളും ഓരോ പോലീസ് ജില്ലയിലും വനിതാ സെല്ലുകളും ആരംഭിച്ചിട്ടുണ്ട്. പോലീസ് സേനയിലെ വനിതാ സാന്നിദ്ധ്യം 15 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് 56 പോക്സോ കോടതികൾ ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പും വനിതാ ശിശുവികസന വകുപ്പും നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിലവിലുള്ള സ്ത്രീ സൗഹൃദ പദ്ധതികൾക്ക് പുതുജീവൻ പകരുന്നതിനും പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സൈബർ സുരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങളും മൊബൈൽ ആപ്പും സജ്ജമാക്കിയിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്കായി അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ് തുടങ്ങി ഒട്ടനവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പ് 14 ജില്ലകളിലും സ്ത്രീധന നിരോധന ഓഫീസർമാരെയും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെയും നിയമിക്കുകയും 90 സർവ്വീസ് പ്രൊവൈഡിംഗ്

സെന്ററുകൾ ആരംഭിക്കുകയും ചെയ്തതിനുപുറമെ ഈ വർഷം 11 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾകൂടി ആരംഭിക്കുന്നതുമാണ്. അക്രമത്തിനിരയാകുന്ന സ്ത്രീകൾക്ക് സൗജന്യ നിയമസഹായം, സൗജന്യ താമസം, കൗൺസിലിംഗ് എന്നിവ ഏർപ്പെടുത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ വനിതാ ശിശുവികസന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്ത് പരാതികളിൽ ഇരയുടെ ഭാഗത്തുനിന്നുകൊണ്ട് നടപടി സ്വീകരിക്കുന്ന സമീപനമാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. പഴുതടച്ച കേസന്വേഷണവും പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചതിലൂടെ ഒരിക്കലും തെളിയില്ലെന്ന് കരുതിയ കേസുകളിലെ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. സങ്കുചിത രാഷ്ട്രീയം മാറ്റിവച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമങ്ങൾക്കെതിരെ പൊതുനിലപാട് സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. നോട്ടീസിൽ

പരാമർശിച്ച വിഷയങ്ങളിന്മേൽ കൃത്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യാൻ സഭാനടപടികൾ നിർത്തിവയ്ക്കേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കൽ

ശ്രീ. തോമസ് കെ. തോമസ്: തട്ടാശ്ശേരി പാലം പ്രവൃത്തി ടെൻഡർ ചെയ്യുന്നതുൾപ്പെടെ കുട്ടനാട്ടിലെ എല്ലാ പാലങ്ങളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പടഹാരം പാലത്തിന്റെ അപ്രോച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും പാലങ്ങളുടെ അപ്രോച്ച്

റോഡ് സീറോ ലാന്റാക്കുന്നതിനും ഡി.എസ്.ആർ/എൽ.എം.ആർ നിരക്കുകളിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കുട്ടനാടിന്റെ വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. 2025 പകുതിയോടെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. കുട്ടനാട് മേഖലയിലെ 14 പാലങ്ങൾക്കായി 392.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട പടഹാരം പാലത്തിന്റെ പണി ഈ വർഷാവസാനത്തോടെ പൂർത്തിയാക്കുകയും മറ്റ് 13 പാലങ്ങളുടെ സ്ഥലമേറ്റെടുക്കൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. റവന്യൂ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് ഭൂമി ഏറ്റെടുക്കലിലുണ്ടാകുന്ന കാലതാമസമൊഴിവാക്കാൻ ശ്രമിക്കുന്നതാണ്. പാലങ്ങളുടെ നിർമ്മാണത്തിന് ജലവിഭവ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏകോപിപ്പിക്കാനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-ലെ ഡി.എസ്.ആർ. പ്രകാരം

കോൺട്രാക്ടർമാരുടെ റേറ്റ് പുനഃപരിഷ്കരിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## (2) അങ്കണവാടി ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതന-പെൻഷൻ പരിഷ്കരണം

ശ്രീ. പി. സി. വിഷ്ണുനാഥ്: അങ്കണവാടി ജീവനക്കാരുടെ അമിതമായ ഓണറേറിയം വർദ്ധിപ്പിക്കാനും വിരമിക്കൽ ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കാനും പെൻഷൻ പരിഷ്കരിക്കാനും ഗ്രാറ്റുവിറ്റി അനുവദിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 60:40 എന്ന നിരക്കിലാണ്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഓണറേറിയത്തിന് പുറമെ അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്ക് സംസ്ഥാന സർക്കാർ അധികതുക നൽകി വരുന്നുണ്ട്. നിലവിൽ അങ്കണവാടി വർക്കർക്ക് 13,000/- രൂപയും ഹെൽപ്പർക്ക് 9,000/- രൂപയുമാണ് ഓണറേറിയമായി ലഭിക്കുന്നത്. 01/04/2021-നുശേഷം വിരമിച്ച അങ്കണവാടി വർക്കർമാർക്ക് 2500/- രൂപ നിരക്കിലും

ഹെൽപ്പർമാർക്ക് 1,500/- രൂപ നിരക്കിലുമാണ് പ്രതിമാസ പെൻഷൻ നൽകിവരുന്നത്. വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി ക്ഷേമനിധി ബോർഡ് നേരിടുന്ന സാമ്പത്തികബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഓണറേറിയം, പെൻഷൻ എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്തുന്നതാണ്.

## IV സബ്മിഷൻ

### (1) എടവനക്കാട് കടൽഭിത്തി പുനർനിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കടൽക്ഷോഭം രൂക്ഷമായ എടവനക്കാട് തീരപ്രദേശത്ത് കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): എടവനക്കാട് തീരപ്രദേശത്തെ കടൽക്ഷോഭം തടയുന്നതിന് ടെട്രാപോഡ് ഉപയോഗിച്ചുള്ള സംരക്ഷണമാണ് വേണ്ടത്. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) മുഹമ്മദ് ആട്ടൂരിന്റെ തിരോധാനം

ഡോ. എം. കെ. മുനീർ: കോഴിക്കോട് നഗരത്തിലെ റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരനായ മുഹമ്മദ് ആട്ടൂരിന്റെ തിരോധാനവുമായി ബന്ധപ്പെട്ട കേസ് സംസ്ഥാന ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്)

(മറുപടി മേശപ്പുറത്തുവച്ചു)

(3) കാസർഗോഡ് നഗരത്തിലെ മോഷണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് നഗരത്തിൽ വർദ്ധിച്ചുവരുന്ന മോഷണം തടയുന്നതിനായി രാത്രികാലങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(4) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്ത് ഗവൺമെന്റ് സ്കൂളിനോടനുബന്ധിച്ച് നിർമ്മിക്കുന്ന സ്പോർട്സ് സ്കൂളിന് ഭരണാനുമതിയും

സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കുന്നുംഭാഗം സ്പോർട്സ് സ്കൂളിന്റെ ഡിസൈൻ റിവ്യൂ പൂർത്തീകരിച്ചതിനുശേഷം പദ്ധതി നിർവ്വഹണ ഏജൻസിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നൽകുകയും കിഫ്ബി മാനദണ്ഡം പാലിച്ചുകൊണ്ട് ടെണ്ടർ നടപടി സ്വീകരിക്കുന്നതുമാണ്.

## (5) കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. എം. വിൻസെന്റ്: കോവളം നിയോജകമണ്ഡലത്തിലെ കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കാഞ്ഞിരംകുളം ഗവൺമെന്റ് കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലുമായി

ബന്ധപ്പെട്ട നടപടിക്രമങ്ങൾ സത്വരമായി നടന്നുവരികയാണ്. ടി വിഷയത്തിന്റെ അടിയന്തരപ്രാധാന്യം കണക്കിലെടുത്ത് സ്ഥലം എം.എൽ.എ.യെയും ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുന്നതാണ്.

(6) കുട്ടനാടൻ സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്:കുട്ടനാടൻ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുട്ടനാട്ടിലെ 13 പഞ്ചായത്തുകൾക്കുവേണ്ടി ഒൻപത് പാക്കേജുകളിലായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിക്കായി 385 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 30 എം.എൽ.ഡി. ശേഷിയുള്ള നീരേറ്റുപുറത്തെ ശുദ്ധീകരണശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. 45 കി.മീറ്റർ വരുന്ന ട്രാൻസ്മിഷൻ മെയിൻ പൂർണ്ണമായും ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചുവരികയാണ്.

(7) അമ്പലപ്പുഴയിലെ കടലാക്രമണം

ശ്രീ. എച്ച്. സലാം: അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മാത്തേരി-പൂന്തല, പുന്നപ്ര-ആലപ്പുഴ എന്നിവിടങ്ങളിലെ പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി ഫണ്ട് അനുവദിക്കപ്പെട്ട കാക്കാഴം-നീർക്കുന്നം ഭാഗത്ത് പുലിമുട്ട് നിർമ്മാണം പാറയുടെ ലഭ്യതയനുസരിച്ച് ആരംഭിക്കുന്നതാണ്.

(8) കുടിവെള്ള പദ്ധതിക്ക് എ.ഡി.ബി.-യിൽ നിന്നുള്ള വായ്പ

ശ്രീ. ജി. എസ്. ജയലാൽ: തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള പദ്ധതി വിപുലീകരിക്കാൻ എ.ഡി.ബി.-യിൽനിന്ന് വായ്പയെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും ജീവനക്കാർക്കുമുള്ള ആശങ്കകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുകയും പ്രസ്തുത പദ്ധതിയിൽനിന്ന് പിന്മാറാൻ സർക്കാർ തയ്യാറാവുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയാണിത്. ഇപ്പോൾ നടന്നുവരുന്ന മറ്റ് കുടിവെള്ള പദ്ധതികളിൽ ഇല്ലാത്ത ഒരു വ്യവസ്ഥയും എ.ഡി.ബി.-യിലും ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയിൽ യാതൊരുവിധ സ്വകാര്യവൽക്കരണവും ഉദ്ദേശിക്കുന്നില്ല. ജലവിതരണം മെച്ചപ്പെടുത്തി ജനങ്ങൾക്കാവശ്യമായ സേവനം ലഭ്യമാക്കാനുദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതി വാട്ടർ അതോറിറ്റിക്ക് മികച്ച വരുമാനം നൽകുന്നതായതിനാൽ ഇതിൽനിന്നും പിന്മാറുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട ആവശ്യമില്ല. ജീവനക്കാരുടെയും പൊതുജനങ്ങളുടെയും ആശങ്ക അകറ്റി കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയത്തക്ക വിധത്തിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## (9) കണ്ടാണശേരി പാരീസ് - ആശാരിപ്പടി റോഡ് നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശേരി പഞ്ചായത്തിലെ പാരീസ് - ആശാരിപ്പടി റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മണലൂർ നിയോജകമണ്ഡലത്തിലെ പാരീസ് - ആശാരിപ്പടി റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി നിലവിലെ കരാർ റദ്ദാക്കി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(10) കാട്ടായിക്കോണം യു.പി. സ്കൂളിനെ ഹൈസ്കൂളാക്കിയും വലിയ ഉദേശ്വരം എൽ.പി. സ്കൂളിനെ യു.പി. സ്കൂളാക്കിയും ഉയർത്തൽ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: തിരുവനന്തപുരം ജില്ലയിലെ കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിലെ കാട്ടായിക്കോണം ഗവൺമെന്റ് മോഡൽ യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നതിനും പ്രസ്തുത സ്കൂളിന് കാട്ടായിക്കോണം വി. ശ്രീധരൻ മെമ്മോറിയൽ മോഡൽ സ്കൂൾ എന്ന് പുനർനാമകരണം ചെയ്യുന്നതിനും ആനയറ വലിയ ഉദേശ്വരം എൽ.പി. സ്കൂളിനെ യു.പി. സ്കൂളാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കണിയാപുരം വിദ്യാഭ്യാസ ഉപജില്ലയിലെ കാട്ടായിക്കോണം ഗവൺമെന്റ് യു.പി. സ്കൂളിൽ കെ.ഇ.ആർ. അനുശാസിക്കുന്ന സൗകര്യങ്ങൾ ലഭ്യമാകുന്ന അവസരത്തിൽ ടി സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്തുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുന്നതാണ്. പ്രസ്തുത സ്കൂളിന് സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന കാട്ടായിക്കോണം വി. ശ്രീധരന്റെ പേര് നൽകുന്ന

കാര്യം പരിഗണിക്കുന്നതാണ്. വലിയ ഉദേശ്വരം എൽ.പി. സ്കൂളിനെ യു.പി. സ്കൂളാക്കി ഉയർത്താൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(11) <u>വള്ളക്കടവ് പാലം പുനർനിർമ്മാണം</u>

<u>ശ്രീ. ആന്റണി രാജു</u>: തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ദേശീയ ജലപാതയിൽ ടി.എസ്. കനാലിന് കുറുകെയുള്ള വള്ളക്കടവ് പാലം നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): വള്ളക്കടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് അനുവദിച്ചിരുന്ന തുക 56.5 കോടി രൂപയായി വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി മാറ്റിവയ്ക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

(12) <u>കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാനും പേരാമ്പ്ര-മാനന്തവാടി റോഡിൽ

മേൽപ്പാലം നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കുറ്റ്യാടി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി രൂപം നൽകിയ രണ്ട് പദ്ധതികളിൽ ഒരെണ്ണം ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുന്നതാണ്. കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ നിലവിലുള്ള ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ കഴിയും.

(13) സുൽത്താൻ ബത്തേരി-പെരിക്കല്ലൂർ റോഡ് പുനരുദ്ധാരണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരി-പെരിക്കല്ലൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സുൽത്താൻ ബത്തേരി-പെരിക്കല്ലൂർ

റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ഒ.പി.ബി.ആർ.സി.-യിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തെങ്കിലും ആരും ക്വാട്ട് ചെയ്യാത്തതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നു. തുടർ പ്രവൃത്തികൾ നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്.

(14) കൊച്ചി മുസിരിസ് ബിനാലെ വേദി ഒരുക്കൽ

ശ്രീ. കെ. ജെ. മാക്സി: കൊച്ചി മുസിരിസ് ബിനാലെ സംഘടിപ്പിക്കുന്നതിന് സ്ഥിരം വേദിയൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുപ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കൊച്ചി മുസിരിസ് ബിനാലെയ്ക്ക് സ്ഥിരം വേദിയൊരുക്കുന്നതിനായി 1.61 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 102.06 കോടി രൂപയുടെ ഭരണാനുമതി നൽകുകയും എസ്.പി.വി. ആയി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(15) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി

ശ്രീ. അൻവർ സാദത്ത്: ആലുവ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നാഷണൽ ആയുഷ് മിഷന്റെ കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി ആലുവ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(16) ഷൊർണ്ണൂരിലെ ടർഫ് സ്റ്റേഡിയം

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ച രണ്ട് ടർഫ് സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വാണിയംകുളം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ സിന്തറ്റിക് ഫുട്ബോൾ ടർഫും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന

പ്രവൃത്തിയുടെ 70% പൂർത്തിയാക്കിയിട്ടുണ്ട്. 2024 ആഗസ്റ്റ് മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി V, VII എന്നിവയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

(3) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

(4) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കുടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കൽ

കുടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പ്രസ്താവന നടത്തി.

## VII ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും 2016-2017, 2017-2018, 2018-2019, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കെ-റെയിൽ പോലുള്ള വികസന പദ്ധതികളെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

ദേശീയപാത വികസനം, ദേശീയ ജലപാത വികസനം, മലയോര-തീരദേശ ഹൈവേ, വിഴിഞ്ഞം തുറമുഖ വികസന പദ്ധതി എന്നിവ നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കൂടുതൽ നിയമനം നടത്തി അഭിമാനകരമായ നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ളതും വിദ്യാഭ്യാസ രീതി വികസിത രാജ്യങ്ങൾക്ക് അനുകരണീയവുമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച് നടപ്പിലാക്കാത്ത കാര്യങ്ങളാണ് ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയായി മുഖ്യമന്ത്രി അവതരിപ്പിച്ചത്. വയനാട് പാക്കേജ് പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നടപ്പാക്കിയിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ ബഡ്ജറ്റ് വിഹിതം മൂന്നിൽനിന്നും രണ്ട് ശതമാനമായി കുറച്ചു. ഗ്രാമീണ റോഡുകൾ നവീകരിക്കുമ്പോൾ എം.എൽ.എ.-മാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അഭിപ്രായംകൂടി തേടണം. സർക്കാരിൽനിന്നും ഇൻഷ്വറൻസ് തുക ലഭിക്കാത്തതിനാൽ പ്രൈവറ്റായി പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററുകൾ അടച്ചുപൂട്ടുകയാണ്. എം.എൽ.എ.-മാരുടെ

ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും പത്ത് കോടി രൂപയായി ഉയർത്താനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. ബാലചന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കേരള വിരുദ്ധ പ്രവർത്തനങ്ങൾക്കിടയിലും സംസ്ഥാന സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതി, ഗെയ്ൽ പൈപ്പ്‌ലൈൻ എന്നിവ വിജയകരമായി നടപ്പിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിവേചനങ്ങൾക്കെതിരായി നടക്കുന്ന സമരപരിപാടികളിൽ പ്രതിപക്ഷവും സഹകരിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ ധൂർത്തും കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുകയാണ്. നികുതിചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ അവലംബിക്കാനും സർക്കാരിന് കഴിഞ്ഞിട്ടില്ല. കേന്ദ്രം അനുവദിക്കുന്ന ഫണ്ടുകൾക്ക് മാച്ചിംഗ് ഗ്രാന്റ് കണ്ടുപിടിക്കുന്നതിന് സംസ്ഥാന സർക്കാരിന് സാധിക്കുന്നില്ല. ഫണ്ട് അനുവദിക്കാത്തതിനാൽ ജൽജീവൻ പദ്ധതി അവതാളത്തിലായിരിക്കുകയാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രി നടത്തിയ

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ ധനാഗമ മാർഗ്ഗത്തെക്കുറിച്ച് പരാമർശിക്കാത്തത് അപലപനീയമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അർഹമായ കേന്ദ്രവിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രനിലപാടിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. വിഴിഞ്ഞം തുറമുഖം, ദേശീയപാത വികസനം, മലയോര-തീരദേശ ഹൈവേ, ഗെയിൽ പൈപ്പ്ലൈൻ, കെ-ഫോൺ തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കിയതിലൂടെ സർക്കാരിന്റെ ഇച്ഛാശക്തിയാണ് വ്യക്തമാകുന്നത്. കാർഷിക മേഖലയുടെ സംരക്ഷണത്തിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം. വെള്ളൂരിലെ കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കോടതി വ്യവഹാരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് വർദ്ധന പിൻവലിക്കണം.

ശ്രീ. മോൻസ് ജോസഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ച് വികസന പ്രവർത്തനങ്ങൾ

മുന്നോട്ടുകൊണ്ടുപോകാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ സാധിക്കാത്തത് നിർഭാഗ്യകരമാണ്. വയനാട്, ഇടുക്കി, കുട്ടനാട്, കാസർഗോഡ് പാക്കേജുകൾക്കുവേണ്ടി തുക ചെലവഴിക്കുന്നില്ല. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് 250/- രൂപയാക്കി വർദ്ധിപ്പിക്കുമെന്ന വാഗ്ദാനം നിറവേറ്റണം. കാർഷിക പാക്കേജ് നടപ്പാക്കണം. വന്ദേഭാരത് ട്രെയിനുകൾ കൂടുതലായി കൊണ്ടുവരാനും നിലവിലുള്ള ട്രെയിൻ സർവ്വീസുകൾ കൃത്യമായി നടത്താനുമാവശ്യമായ ഇടപെടൽ നടത്തണം. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കാത്തത് ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചയാണ്. വികസനപ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് മുൻഗണന നൽകണം.

ശ്രീമതി ദെലീമ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധികൾക്കിടയിലും സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നിലയിൽ നടത്തുന്ന സർക്കാരിനെ അഭിനന്ദിക്കുകയാണ്. വികസന-ക്ഷേമപ്രവർത്തനങ്ങളിൽ മാതൃകാപരമായ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും

നിയമിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം നൽകി ദേശീയപാത വികസനം സാധ്യമാക്കിയ സംസ്ഥാന സർക്കാരിന്റെ നടപടി ശ്ലാഘനീയമാണ്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് അരൂർ മുതൽ തുറവൂർ വരെയുള്ള പ്രദേശവാസികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അരൂർ നിയോജകമണ്ഡലത്തിലെ പൊക്കാളി പാടശേഖരങ്ങളെ ബണ്ട് കെട്ടി സംരക്ഷിക്കുന്നതിനും ഫാം റോഡുകൾ നിർമ്മിക്കുന്നതിനും ജലഗതാഗതത്തെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ എം. എം. മണി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാന താല്പര്യങ്ങൾക്കെതിരെയുള്ള കേന്ദ്ര ഗവൺമെന്റ് സമീപനം പ്രതിഷേധാർഹമാണ്. സർക്കാർ സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. നന്ദകുമാർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ വികസന

പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്ന സാഹചര്യത്തിൽ അർഹതപ്പെട്ട കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിന് പ്രതിപക്ഷം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കോർപ്പറേറ്റ് മേഖലയുടെ നേട്ടത്തിനായി നികുതി നിരക്കിൽ കുറവ് വരുത്തിയ കേന്ദ്ര നടപടി അപലപനീയമാണ്.

ശ്രീ. ടി. സിദ്ദിഖ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിദ്യാതീരം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും എസ്.സി./എസ്.റ്റി., പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ മുടങ്ങിയ പഠന ആനുകൂല്യങ്ങളും അനുവദിക്കണം. കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്തണം. പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിച്ഛേദിച്ച വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കണം. പൊതുമേഖലാ സ്ഥാപനമായ ചെറുവണ്ണൂരിലെ സ്റ്റീൽ കോംപ്ലക്സ് ഛത്തീസ്ഗഡിലെ ഔട്ട്സോഴ്സിംഗ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറിയതുമായി ബന്ധപ്പെട്ട് നടന്ന അഴിമതി അന്വേഷിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തി വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനുള്ള പ്രതിപക്ഷ ശ്രമം അപലപനീയമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂൾപ്പെടെ

അർഹതപ്പെട്ട വിഹിതം നിഷേധിക്കുകയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുകയും ചെയ്ത കേന്ദ്ര ഗവൺമെന്റ് സമീപനത്തിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

<u>ശ്രീ. ഡി. കെ. മുരളി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തനത് നികുതി വരുമാനം വർദ്ധിപ്പിച്ചും റവന്യൂ കമ്മി കുറച്ചും കൃത്യതയോടെയുള്ള ക്രമീകരണത്തിലൂടെ സാമ്പത്തിക ഉപരോധത്തെ അതിജീവിച്ച് കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സംസ്ഥാനത്തിന്റെ ജി.എസ്.ടി ഭരണ നിർവ്വഹണം രാജ്യത്തിന് മാതൃകയായിരിക്കെ ജി.എസ്.ടി കൃത്യമായി പിരിക്കുന്നില്ലെന്നും കേരളം കടക്കെണിയിലാണെന്നുമുള്ള പ്രചാരണം വാസ്തവ വിരുദ്ധമാണ്. കടമെടുപ്പ് പരിധി, റവന്യൂ കമ്മി ഗ്രാന്റ്, ജി.എസ്.ടി നഷ്ടപരിഹാരം, നികുതി വിഹിതം എന്നിവയിൽ കുറവ് വരുത്തിയും യു.ജി.സി. ശമ്പള കുടിശ്ശിക, ഗ്രാമ/നഗര വികസന ഗ്രാന്റ്, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എന്നിവ നൽകാതെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പ്രതിസന്ധിയിലാക്കുകയാണ്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളും സാമ്പത്തിക പ്രതിസന്ധിയും മറികടന്ന് വിവിധ പശ്ചാത്തല വികസന പദ്ധതികൾ പൂർത്തിയാക്കാനും സാമ്പത്തിക, വ്യാവസായിക, വാണിജ്യ, ടൂറിസം രംഗങ്ങളിൽ പുരോഗതി കൈവരിക്കാനും സർക്കാരിന് സാധിച്ചത് അഭിമാനകരമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തന സജ്ജമാകുന്നത് നാടിന്റെ സർവ്വതല സ്പർശിയായ വികസനത്തിന് വഴിയൊരുക്കുന്നതാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനം ധനദൃഢീകരണ പാതയിലാണെന്ന അവകാശവാദം അപഹാസ്യമാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ സുരക്ഷാ രംഗങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന നിലപാടാണ് പ്രതിപക്ഷവും കേന്ദ്രസർക്കാരും സ്വീകരിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ, ലൈഫ്

മിഷൻ, ജൽജീവൻ മിഷൻ തുടങ്ങിയ പദ്ധതികളുടെ ഭൂരിഭാഗവും സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടക്കുന്നത് കേരളത്തിലാണ്.

ശ്രീ. കെ. വി. സുമേഷ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജനക്ഷേമകരമായ പദ്ധതികൾ ആസൂത്രണം ചെയ്തും നികുതി പിരിവിൽ വർദ്ധനവ് വരുത്തിയും മുന്നോട്ടു പോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സർക്കാരിനെതിരെ പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന സാമ്പത്തിക വിവേചനത്തിനെതിരെ യോജിച്ച പ്രക്ഷോഭത്തിന് പ്രതിപക്ഷം തയ്യാറാകണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ് മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിലൂടെ പ്രകടമാകുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച് തനത് നികുതി/ എസ്.ജി.എസ്.ടി./ഐ.ജി.എസ്.ടി. ഇനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടും കേരളത്തിന്റെ നികുതി വരുമാനം വർദ്ധിച്ചുവെന്ന വ്യാജ പ്രചാരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

സ്വർണ്ണവിൽപ്പന ശാലകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മൂല്യവർദ്ധിത നികുതിയിനത്തിലൂടെ 13,000 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഒരു മുന്നൊരുക്കവുമില്ലാതെ കൊണ്ടുവന്ന ആംനെസ്റ്റി സ്കീം തികഞ്ഞ പരാജയമായിരുന്നു. കടമെടുത്ത് കേരളീയം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനോട് യോജിക്കാനാവില്ല. പ്ലസ് വൺ അഡ്മിഷൻ പോലുള്ള ഗൗരവമായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നില്ല. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലും കാലാവസ്ഥാ വ്യതിയാനമുണ്ടാക്കിയ മാറ്റങ്ങളെ നേരിടുന്നതിലും നടപടി സ്വീകരിക്കുന്നില്ല. കാര്യക്ഷമതയില്ലായ്മയാണ് സർക്കാരിന്റെ മുഖമുദ്ര. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്ത ഭരണമാണ് നിലവിലുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ചർച്ചയിൽ ഉയർന്നുവന്ന പൊതുവായ കാര്യങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നു. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ആവർത്തിക്കുന്ന പ്രതിപക്ഷ ശൈലിയിൽ മാറ്റം വരുത്തണം. SAIL-SCL Kerala Limited-ഉം ആയി ബന്ധപ്പെട്ട് ഉന്നയിച്ച കാര്യങ്ങൾ വസ്തുതകളുമായി ബന്ധമില്ലാത്തതാണ്. സംസ്ഥാനത്തിന്റെ താല്പര്യം

സംരക്ഷിക്കുന്നതിന് ഭരണ-പ്രതിപക്ഷഭേദമന്യേ ഒറ്റക്കെട്ടായി നിൽക്കണം. കേന്ദ്ര അവഗണന നിലനില്ക്കുമ്പോഴും വികസന കാര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ സർക്കാർ പരമാവധി ശ്രമിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് 700 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ഉടൻ അനുവദിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് യഥാസമയം ശമ്പളം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പെൻഷൻ വിതരണത്തിന് 70 കോടി രൂപയും മാസംതോറും നൽകുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾക്കുപുറമെ പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെടെ ആനുകൂല്യങ്ങൾ കൃത്യമായി ലഭ്യമാക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ലാൻഡ് അക്വിസിഷനുവേണ്ടി ആറായിരത്തി ചില്വാനം കോടി രൂപ നൽകിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം/ഗെയിൽ പൈപ്പ്ലൈൻ/മെട്രോ റെയിൽ എന്നീ പദ്ധതികൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഭൂമി ഏറ്റെടുത്ത് നൽകിയതും കേന്ദ്രഗവൺമെന്റ് വിൽക്കാൻ ശ്രമിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ ഏറ്റെടുത്തതും അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. അർഹതപ്പെട്ട നികുതി വിഹിതവും മാച്ചിംഗ് ഗ്രാന്റും നൽകാതെ സംസ്ഥാനത്തിനെതിരായ നിലപാടുകളാണ് കേന്ദ്ര

സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കിഫ്ബിയിൽനിന്നെടുത്ത തുകയ്ക്ക് മസാല ബോണ്ടുവഴി പലിശ ഒടുക്കിയത് കേരളത്തിന്റെ ഫിനാൻഷ്യൽ സ്റ്റാറ്റസിന്റെ അംഗീകാരമാണ്. ഓൺലൈനിലൂടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് നികുതി ഈടാക്കുന്നതിനും ജി.എസ്.ടി.യിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും ശ്രമം നടത്തിവരികയാണ്. ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിതിന്യായ നിർവ്വഹണം എന്ന III, മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII, ജില്ലാ ഭരണവും പലവകയും എന്ന XI, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV, ക്ഷീരവികസനം എന്ന XXXII, മത്സ്യബന്ധനം എന്ന XXXIII, വ്യവസായങ്ങൾ എന്ന XXXVII, തുറമുഖങ്ങൾ എന്ന XL എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം 33-നെതിരെ 65 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തികവർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: ജി.എസ്.ടി. ആരംഭിക്കുന്നതിനുമുമ്പുള്ള നികുതി കുടിശ്ശികകളിൽ പ്രത്യേക സ്ലാബുവച്ച് തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടിയുള്ള ആംനെസ്റ്റി സ്കീമാണ് പുതിയതായി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2024 ഡിസംബർ 31-നകം സ്കീമിൽ ചേരുന്നവർക്കാണ് പ്രത്യേക ആനുകൂല്യം ലഭിക്കുന്നത്. 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്റ്റ് പ്രകാരം കേരളത്തിനകത്തുള്ള

വാഹനങ്ങൾക്ക് ടാക്സ് നേരത്തേ കുറച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ടാക്സ് ഈടാക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. 1963-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ടിൽ സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നവർക്ക് ടാക്സ് ഈടാക്കുന്നതല്ല എന്ന ഭേദഗതിയാണ് വരുത്തേണ്ടത്. 1959-ലെ കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാല്യുവേഷൻ ആക്ടിൽ കുടുംബ കോടതികളിൽ വസ്തു സംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള ഫീസിലും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരം ഫയൽ ചെയ്യുന്ന ചെക്ക് സംബന്ധമായ കേസുകളിൽ ഈടാക്കുന്ന ഫീസിലും ചെറിയ വർദ്ധന വരുത്താനുള്ള ഭേദഗതി നിർദ്ദേശമാണ് കൊണ്ടുവന്നിട്ടുള്ളത്. 1959-ലെ കേരള മുദ്രപ്പത്ര ആക്ടിൽ ഭൂമിയുടെ ന്യായവിലയിൽ കാലാകാലങ്ങളിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്തുന്നതിനും പട്ടിക ഭേദഗതി വരുത്തുന്നതിനുമാണ് ഭേദഗതി നിർദ്ദേശമുള്ളത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിൽ 50 രൂപ മാത്രമായിരുന്ന കുടുംബകോടതികളിലെ ഫീസ് രണ്ട് ലക്ഷം രൂപ വരെ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സാധാരണക്കാരായ സ്ത്രീകളെ ദോഷകരമായി ബാധിക്കുന്നതാണ്.

വിവാഹമോചന കേസുകളിൽ നീതി തേടി നിയമ സംവിധാനങ്ങളെ സമീപിക്കുന്ന സാധാരണക്കാരിൽനിന്നും ഉയർന്ന ഫീസ് ഈടാക്കാനുള്ള തീരുമാനം ശരിയല്ല. വരുമാന വർദ്ധനവിനായി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശം കുടുംബകോടതികളിൽ ഫയൽ ചെയ്യുന്ന കേസുകളുടെ എണ്ണം കുറയ്ക്കുമെന്നുമാത്രമല്ല, വലിയൊരു ജനവിഭാഗത്തിന് നീതി നിഷേധിക്കുന്നതിലേയ്ക്കും ഈ ഇനത്തിൽ പ്രതീക്ഷിച്ച രീതിയിൽ വരുമാന വർദ്ധനവുണ്ടാകാത്ത സാഹചര്യത്തിലേക്കും നയിക്കും. അതുകൊണ്ട് വർദ്ധിപ്പിച്ച ഫീസ് പിൻവലിക്കാൻ തയ്യാറാകണം. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റ് പ്രകാരം ഫയൽ ചെയ്യുന്ന ചെക്ക് സംബന്ധമായ കേസുകളിൽ ഈടാക്കുന്ന ഫീസ് വർദ്ധനയും പിൻവലിക്കണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജീവനാംശം ലഭിക്കുന്നതിനുവേണ്ടി കുടുംബകോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള ഫീസ് 50 രൂപയിൽ നിന്നും രണ്ടുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം നീതി തേടി നിയമ സംവിധാനങ്ങളെ സമീപിക്കുന്നതിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ സാധ്യതയുള്ളതുകൊണ്ട് പ്രസ്തുത നിർദ്ദേശം പൂർണ്ണമായും പിൻവലിക്കണം. കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടിൽ സംസ്ഥാനത്തേയ്ക്ക്

പ്രവേശിക്കുന്ന വാഹനങ്ങൾക്ക് നികുതി ഈടാക്കുന്നതിനുള്ള നിർദ്ദേശമാണുള്ളത്. കേരളത്തിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വാഹനങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തുന്നത് ഇക്കാര്യത്തിൽ വിപരീതഫലം സൃഷ്ടിക്കുകയും അനുബന്ധ മേഖലകളിൽനിന്ന് ലഭിക്കുന്ന നികുതി ലഭ്യതയിൽ കുറവുണ്ടാകുകയും ചെയ്യുമെന്ന കാര്യം പരിശോധിക്കണം. മുൻ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതിനെത്തുടർന്ന് ക്രയവിക്രയങ്ങൾ ഗണ്യമായി കുറയുകയും അത് നികുതി വരുമാനത്തെ ബാധിക്കുകയും ചെയ്തതിനാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി പിൻവലിക്കണം. രജിസ്ട്രേഷൻ ഫീസിൽ ഇളവ് നൽകിക്കൊണ്ട് ഭൂമിയുടെ ക്രയവിക്രയങ്ങൾ കൂടുതൽ നടക്കുന്ന സാഹചര്യം സൃഷ്ടിച്ചാൽ മാത്രമേ ന്യായവില ഉയർത്തുന്നതുമൂലം പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ. 1959-ലെ കേരള മുദ്രപത്ര ആക്റ്റിന്റെ പട്ടികയിൽ വരുത്തുന്ന ഭേദഗതികൾമൂലം കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിനോ വാങ്ങുന്നതിനോ സാധിക്കാത്ത സാഹചര്യം സംജാതമാകും. മൈനിംഗ് ലീസുകളിൽ സ്ഥലവില കണക്കാക്കിയാൽ റോയൽറ്റിയേക്കാൾ

കുറഞ്ഞിരിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ഈ കാര്യങ്ങളിൽ വ്യക്തത വരാത്തപക്ഷം നികുതി നിർദ്ദേശത്തിലൂടെ വിപരീതഫലം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. പട്ടികയിലെ ക്രമനമ്പർ 16-ൽ നിർദ്ദേശിച്ച ഭേദഗതി പ്രകാരം സെയിൽ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ട അധികാരിയായ സിവിൽ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമായി നിർവ്വചിക്കണം.

നികുതി നിർണ്ണയങ്ങളിലെ അപാകതമൂലമാണ് ഇതുവരെ ഉണ്ടായിരുന്ന ആംനസ്റ്റി സ്കീമുകൾ പരാജയപ്പെട്ടതെന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാത്ത സമീപനമാണ് പുതിയ ആംനസ്റ്റി സ്കീമിലും സ്വീകരിച്ചിട്ടുള്ളത്. ആംനസ്റ്റി പദ്ധതിക്കുമുമ്പ് ഒരു ഫാസ്റ്റ് ട്രാക്ക് ടീമിനെക്കൊണ്ട് തർക്കമുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാൻ തയ്യാറാകണം. യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം സ്വീകരിച്ചാൽ മാത്രമേ ആംനസ്റ്റി സ്കീമുകളിലൂടെ പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഓരോ അസസ്സ്മെന്റിനും പ്രത്യേകം ആംനസ്റ്റി കൊടുക്കുന്നതിനുപകരം ഒരു വർഷത്തേയ്ക്കുള്ള എല്ലാ അസസ്സ്മെന്റും ഒരുമിച്ച് കണക്കാക്കി ആംനസ്റ്റി കൊടുക്കുകയാണെങ്കിൽ കൂടുതൽ നേട്ടമുണ്ടാക്കാൻ സാധിക്കും. പഞ്ചായത്ത് രാജ് നിയമം നടപ്പാക്കാനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽനിന്നും ലഭിക്കേണ്ട സഹായത്തിനുള്ള അപേക്ഷ

യഥാസമയം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. കുടുംബ കോടതിയിലെ വ്യവഹാരങ്ങൾക്കും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റ് പ്രകാരമുള്ള കേസുകൾക്കും വരുത്തിയ ഫീസ് വർദ്ധനവ് കുറയ്ക്കണം. നികുതി നിർണ്ണയത്തിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിച്ചാൽ മാത്രമേ ആംനസ്റ്റി സ്കീമിലൂടെ സർക്കാരിന് ലഭിക്കാനുള്ള നികുതികൾ പിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. ധനകാര്യ ബില്ലിലെ അദ്ധ്യായം III-ൽ എന്ന് മുതൽ നികുതി പിരിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം ടാക്സ് കമ്മീഷണർക്കാണ് നൽകിയിട്ടുള്ളത്. അത് നിയമസഭയാണ് തീരുമാനിക്കേണ്ടത്. നിയമസഭയുടെ അധികാരം എക്സിക്യൂട്ടീവിന് കൈമാറാൻ പാടില്ല. അത് സർക്കാരിന് തീരുമാനിക്കാമെന്ന ഭേദഗതി നിർദ്ദേശിക്കുന്നു. കിഫ്ബി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സോളാർ ഉപഭോക്താക്കളുടെ വൈദ്യുതി തീരുവ വർദ്ധിപ്പിക്കാനുള്ള നീക്കത്തിൽനിന്നും പിന്മാറാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

കുടുംബകോടതി വ്യവഹാരങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. വാടക/ലീസ് കരാറുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കണം. ആംനെസ്റ്റി സ്കീമിലെ സർചാർജ്, പിഴ, പലിശ എന്നിവയിൽ ഇളവനുവദിക്കണം.

ശ്രീ. എ. കെ. എം. അഷ്റഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ധനകാര്യ ബില്ലിലെ നികുതി നിർദ്ദേശങ്ങൾ സാധാരണക്കാരുടെ നികുതിഭാരം വർദ്ധിപ്പിക്കുന്നതാണ്. സോളാർ വൈദ്യുതി തീരുവ വർദ്ധിപ്പിക്കാനുള്ള നീക്കത്തിൽനിന്നും പിൻമാറാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. നെറ്റ് മീറ്റർ സംവിധാനത്തിൽനിന്നും മാറാനുള്ള നീക്കം ഉപേക്ഷിക്കുകയും സബ്സിഡി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്യണം.

ഡോ. എം. കെ. മുനീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് പ്രവേശിക്കുന്ന വലിയ ടൂറിസ്റ്റ് ബസുകൾക്ക് വർദ്ധിച്ച നിരക്കിൽ ത്രൈമാസ റോഡ് നികുതി ഈടാക്കാനുള്ള തീരുമാനം സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ വിപരീത ഫലം സൃഷ്ടിക്കുകയും വിനോദസഞ്ചാര മേഖലയിൽ നിന്നും അനുബന്ധ മേഖലകളിൽ നിന്നുമുള്ള നികുതി വരുമാനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. ആംനെസ്റ്റി

സ്കീം പ്രകാരമുള്ള നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം സ്വീകരിച്ചാൽ മാത്രമേ ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ആനെസ്റ്റി സ്കീം നടപ്പാക്കുന്നതിനുമുമ്പ് ഫാസ്റ്റ് ട്രാക്ക് ടീമിനെ നിയോഗിച്ച് തർക്കമുള്ള നികുതി നിർണ്ണയം പുന:പരിശോധിക്കാൻ തയ്യാറാകണം. സംസ്ഥാനം ധനപ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാതെ നികുതികളും ഫീസുകളും വർദ്ധിപ്പിച്ച് സാധാരണ ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. നികുതി പണമെടുത്ത് കടങ്ങൾ വീട്ടുന്നതിന് പകരം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണം. സോളാർ ഉൽപ്പാദന തീരുവയും കുടുംബകോടതിയിലെ സ്വത്തുസംബന്ധമായ കേസുകൾക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് നിരക്കും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഉമ തോമസ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് പ്രവേശിക്കുന്ന വലിയ ടൂറിസ്റ്റ് ബസ്സുകൾക്ക് ത്രൈമാസ നികുതിയുടെ നിശ്ചിത ശതമാനം റോഡ് നികുതി ഈടാക്കാനുള്ള തീരുമാനം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കാര്യത്തിൽ വിപരീത ഫലം

സൃഷ്ടിക്കുന്നതാണ്. വിനോദ സഞ്ചാര മേഖലയിൽ നിന്നും അനുബന്ധ മേഖലകളിൽ നിന്നുമുള്ള നികുതി വരുമാനത്തെ ഇത് ദോഷകരമായി ബാധിക്കും. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നയംമൂലം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്താതെ നികുതി രാജ് നടപ്പാക്കുന്നത് അപലപനീയമാണ്.

ശ്രീ. ലിന്റോ ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്ര സർക്കാർ നികുതി വിഹിതത്തിലും ഗ്രാന്റ് ഇനത്തിലും വെട്ടിക്കുറവ് വരുത്തിയതിലൂടെ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള ശ്രമകരമായ ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. സംസ്ഥാനത്തിന്റെ തനത് വരുമാനം 56 ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചതും ശ്രദ്ധേയമാണ്. ഗെയിൽ പൈപ്പ്ലൈൻ, ഇടമൺ-കൊച്ചി പവർ ഹൈവേ, കണ്ണൂർ വിമാനത്താവളം, കൊച്ചി വാട്ടർ മെട്രോ, ദേശീയപാത വികസനം, വിഴിഞ്ഞം തുറമുഖ പദ്ധതി എന്നീ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകൾ നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാകാത്ത

സാഹചര്യത്തിലും നികുതി-നികുതിയേതര വരുമാനം  വർദ്ധിപ്പിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനുള്ള സർക്കാർ ശ്രമം പ്രശംസനീയമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരമുള്ള ധനലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന്  പരിശോധിക്കണം. വിദഗ്ദ്ധ സമിതി സമർപ്പിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം. കരാറുകാർക്ക് യഥാസമയം ബിൽ തുക മാറി നൽകുകയും കിഫ്ബി പദ്ധതിയിൽ അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യണം. ഹയർ സെക്കൻഡറിയിലെ അപ്രഖ്യാപിത നിയമന നിരോധനം അവസാനിപ്പിക്കണം. പദ്ധതി പ്രവൃത്തികൾക്ക് ഫണ്ടനുവദിക്കുന്നതിലുള്ള പ്രതിപക്ഷ വിവേചനം പ്രതിഷേധാർഹമാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആഡംബരവും ധൂർത്തും നടത്തി പണം ദുർവ്യയം ചെയ്യുന്ന സർക്കാരിന്റെ നയങ്ങളെ എതിർക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഭയിലും സബ്ജക്ട് കമ്മിറ്റിയിലും നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നികുതി നിർദ്ദേശങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് ഘടന പുനഃക്രമീകരിച്ചിട്ടുണ്ട്. സ്വന്തമായി വൈദ്യുതി ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നവർക്ക് ഏർപ്പെടുത്താനുദ്ദേശിക്കുന്ന വൈദ്യുതി തീരുവ വർദ്ധനവിൽനിന്നും സോളാർ ഉപഭോക്താക്കളെ ഒഴിവാക്കിയിട്ടുണ്ട്. ആംനെസ്റ്റി സ്കീം നിലവിൽ വരുന്നതോടെ നികുതി കുടിശ്ശിക സംബന്ധിച്ച കേസുകളുടെ എണ്ണത്തിൽ വലിയ കുറവ് വരുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

558. In the entry in Column 3 of item (d) against the serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word “fifty” the words “thirty five” shall be substituted.

559. In the entry in Column 3 of item (e) against the serial number 33 of the schedule of the Kerala Stamp Act, 1959 proposed to be substituted by Clause 2(2)(b) for the word “seventy five” the words “sixty” shall be substituted.

560. In clause 2(2)(c)(i) for the letter “B” wherever it occur the letter and bracket “(b)” shall be substituted.

561. In clause 2(2)(c)(ii) for the letter “C” wherever it occur the letter and bracket “(c)” shall be substituted.

562. In clause 2(2)(c)(ii) the letter and bracket “(a)” shall be omitted.

563. In clause 2(2)(c)(ii) the for the existing letter and bracket "(b)", the letter and bracket "(d)" shall be substitued.

120, 124, 137, 145, 159, 174, 175, 180, 187, 189, 195, 196, 200, 207, 217, 234, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

564. Clause 3 shall be recast as follows;

"3.*Amendment of Act 10 of 1960*.-In the Kerala Court Fees and Suits Valuation Act,1959 (10 of 1960), in schedule II, after article 19 and the entries against it in columns (2) and (3), the following articles and

entries shall be added in column (1), (2) and (3) respectively, namely:-

"20.(a) Petition or counter claim presented to family court under explanation (c) of sub-section (1) of section 7 of the Family Courts Act,1984 (Central Act 66 of 1984)-

| | | |
|---|---|---|
| (i) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, upto rupees five lakh | Two hundred rupees |
| (ii) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees five lakhs and upto twenty lakhs | Five hundred rupees |
| (iii) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees twenty lakhs and upto fifty lakhs | One thousand rupees |
| (iv) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees fifty lakhs and upto one crore | Two thousand rupees |
| (v) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees one crore | Five thousand rupees |

(b) Appeals filed before the High Court under section 19 of the Family Courts Act, 1984 (Central Act 66 of 1984)

| | | |
|---|---|---|
| (i) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, upto rupees five lakh | One hundred rupees |
| (ii) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees five lakhs and upto twenty lakhs | Two hundred and fifty rupees |
| (iii) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees twenty lakhs and upto fifty lakhs | Five hundred rupees |
| (iv) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees fifty lakhs and upto one crore | One thousand rupees |
| (v) | When the total claim amount in the petitions/counter claim amount valued, after deduction of the amount valued for the dwelling house, above rupees one crore | Two thousand and five hundred rupees |

21 (a). Complaints filed under section 138 of the Negotiable Instruments Act, 1881 (Central Act 26 of 1881)

| | | |
|---|---|---|
| (i) | When the amount of dishonored cheque involved in the complaint is upto rupees fifty thousand | Two hundred and fifty rupees |
| (ii) | When the amount of dishonored cheque involved in the complaint is above rupees fifty thousand and upto two lakhs | Five hundred rupees |
| (iii) | When the amount of dishonored cheque involved in the complaint is above rupees two lakhs and upto five lakhs | Seven hundred and Fifty rupees |

| | | |
|---|---|---|
| (iv) | When the amount of dishonored cheque involved in the complaint is above rupees five lakhs and upto ten lakhs | One Thousand rupees |
| (v) | When the amount of dishonored cheque involved in the complaint is above rupees ten lakhs and upto twenty lakhs | Two Thousand rupees |
| (vi) | When the amount of dishonored cheque involved in the complaint is above rupees twenty lakhs and upto fifty lakhs | Five Thousand rupees |
| (vii) | When the amount of dishonored cheque involved in the complaint is above rupees fifty lakhs | Ten Thousand rupees |

(b). Appeal filed against judgment in section 138 of the Negotiable Instruments Act, 1881 (Central Act 26 of 1881)-

| | | |
|---|---|---|
| (i) | When an appeal filed, on getting leave under sub-clause (b) of sub-section (2) of section 419 of the Bharatiya Nagarik Suraksha Sanhita, 2023 (Central Act 46 of 2023) before the High Court at the instance of the complainant against the order of acquittal | Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs |
| (ii) | When filed at the instance of accused against conviction before the Sessions Court | Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs |

(c). Revision filed against judgment in section 138 of the Negotiable Instruments Act, 1881 (Central Act 26 of 1881)-

| | | |
|---|---|---|
| (i) | At the instance of the complaint challenging insufficiency of sentence before the High Court | Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs |

| | | |
|---|---|---|
| (ii) | When filed at the instance of accused against conviction before the Sessions Court | Five hundred rupees for cheque upto rupees two lakhs and One thousand rupees for cheques above rupees two lakhs |

265, 273, 277, 299, 310, 318, 325, 339 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം 20- നെതിരെ 57 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

367, 369 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

371, 372, 383, 384, 388, 392 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

420, 422, 424, 428, 432, 434, 436 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

448 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

452 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

455, 462, 467 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

460. In Clause 9(1) after the words “as may” the word “be” shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

565. In Clause 10(1) for the word "rate", the word "rates" shall be substituted.

472, 480 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

488-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

511 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിച്ചില്ല.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

523, 524, 529 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

523. In Clause 14(1), for the word “seperate”, the word “separate” shall be substituted.

529. In Clause 14(2)(b), for the words “suo motu”, the words “suo moto” shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

524-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

533, 535 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

541-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

543-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊമ്പതാം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

547-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

566. In Clause 21, after item (c), the following item shall be inserted and the remaining items shall be re-lettered accordingly:

"(d) the fact of revision of any order under section 17;";

549-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

567. In Clause 25, the existing provision shall be numbered as sub-clause (1), and after sub-clause so numbered, the following sub-clause shall be inserted:

"(2) Every order issued under sub-section (1) shall be laid before the Legislative Assembly by the Government.".

553-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

553-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് (ഇരുപത്തിയേഴാം വകുപ്പ്)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

568. After Clause 26, the following Clause shall be inserted

"27. Validation.- Notwithstanding anything contained in the Kerala Court Fees and Suits Valuation Act, 1959 (10 of 1960) any revision of fees charged by virtue of the provisions of the Kerala Finance Bill, 2024 (Bill No. 193 of Fifteenth Kerala Legislative Assembly) in respect of the period with effect on and from 1st day of April, 2024 to the date of publication of this Act shall be deemed to have been validly done and duly collected by an authority at such higher rates shall be deemed

to have been validly collected and the fees so collected shall be paid over to the Government and shall not be refunded.”.

പുതിയതായി ചേർത്ത ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പുതിയതായി ചേർത്ത ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

569. In Clause 1(2)(b) for the words “Commissioner of State Tax”, the word “Government” shall be substituted.

106, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ വൈകുന്നേരം 6.43-ന് പിരിഞ്ഞു.)

*****